ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, എറണാകുളം, കൊച്ചി – 30

ഫോൺ& ഫാക്സ്: 0484 2422256 ഇ-മെയിൽ : ddoscekm@gmail.com

നം. ഇ1-13027/21(2) 'ഭരണഭാഷ-മാതൃഭാഷ' തീയതി : 03-07-2022

പ്രിൻസിപ്പാൾ

സർ,

വിഷയം : പട്ടികജാതി വികസനം – ഇ-ഗ്രാന്റ്സ് – പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2022-23 വർഷത്തെ രജിസ്ട്രേഷൻ – നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : പട്ടികജാതി വികസന വകുപ്പ് എഡ്യൂക്കേഷൻ ജോയിന്റ് ഡയറക്ടറുടെ 30.06.22-ലെ SCDD/3401/2022-B1(EDN B) നമ്പർ കത്ത്

..........

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 2022-23 വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അപേക്ഷകളുടെ രജിസ്ട്രേഷൻ നടപടികൾ 2022 ജൂലൈ 1 മുതൽ ആരംഭിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

1. 2022-23 വർഷം Fresh / Renewal ആയി അപേക്ഷിക്കുന്ന എല്ലാ എസ്.സി വിദ്യാർത്ഥികളും അവരുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യണം. 2022 – 23 വർഷം മുതൽ PFMS മുഖേനയുള്ള ആധാർ പേയ്മെന്റ് ആയതിനാൽ ആധാർലിങ്ക് ചെയ്തിട്ടുള്ള അക്കൗണ്ടിലേയ്ക്ക് മാത്രമേ തുക ലഭിക്കൂ.
2. അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്ത ശേഷം 2022 – 23 വർഷം Fresh / Renewal ആയി അപേക്ഷിക്കുന്ന CSS പരിധിയിൽ വരുന്ന (2.50 ലക്ഷം വരെ വാർഷിക വരുമാനമുള്ള) എല്ലാ എസ്.സി വിദ്യാർത്ഥികളും ആദ്യം National Scholarship Portal – ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്നവർ New Registration എന്ന Option വഴിയും Renewal ചെയ്യുന്നവർ Apply for Renewal എന്ന Option വഴിയുമാണ് രജിസ്റ്റർ ചെയ്യേണ്ടത്.
3. തുടർന്ന് National Scholarship Portal – ൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ച് ഇ-ഗ്രാന്റ്സ് പോർട്ടൽ സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്യണം
4. National Scholarship Portal – ലേക്കുള്ള ലിങ്ക് ഇ-ഗ്രാന്റ്സ് ലോഗിനിൽ ലഭ്യമാണ്.
5. 2022-23 വർഷം മുതൽ UDISE / AISHE Code ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ സ്കോളർഷിപ്പ് തുക ലഭിക്കൂ. പ്രസ്തുത കോഡ് ഇല്ലാത്ത സ്ഥാപനങ്ങൾ എത്രയും വേഗം ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ യഥാസമയം നിർബന്ധമായും വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ് എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ
എറണാകുളം

എം.എ